ഉത്തരം

(എ)

ഇനം	2001 മേയ്		2006 ഫെബ്രുവരി	
	കുറഞ്ഞ കമ്പോള വില	മാവേലി സ്റ്റോറിലെ വില	കുറഞ്ഞ കമ്പോള വില	മാവേലി സ്റ്റോറിലെ വില
അരി (മട്ട)	14.50	13.40	13.30	11.90
ചെറുപയർ	28.00	22.00	36.50	30.00
ഉഴുന്നുബോൾ	34.00	33.00	44.90	35.00
വൻകടല	26.00	22.00	29.50	23.00
വൻപയർ	18.00	16.00	24.50	20.00
തുവരപരിപ്പ്	26.00	21.00	30.60	25.00
പീസ്പരിപ്പ്	17.00	14.00	22.50	17.50
വറ്റൽമുളക്	34.00	30.60	38.00	32.00
മല്ലി	34.00	28.00	30.00	28.00
ജീരകം	120.00	96.00	99.00	87.00
കടുക്	20.00	16.00	26.00	23.00
ഉലുവ	30.00	20.00	25.60	23.00
പഞ്ചസാര	15.50	14.50	20.00	18.00

(ബി) പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് സാധാരണക്കാർക്ക് ആവശ്യമായ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ 2284 ചില്ലറ വിൽപ്പന ശാലകളിലൂടെ അതതുമാസം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് അവശ്യ സാധനങ്ങൾ വിതരണംചെയ്തു വരുന്നു. പൊതു കമ്പോളത്തിലെ വിലയേക്കാൾ 10% മുതൽ 15% വരെ വിലകുറച്ചാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നത്. കൂടാതെ ഉത്സവ കാലങ്ങളിലും മറ്റടിയന്തിര സാഹചര്യങ്ങളിലും വിലക്കയറ്റത്തെ ഫലപ്രദമായി നേരിടുന്നതിന് മാർക്കറ്റിൽ സപ്ലൈകോ ശക്തമായി ഇടപെടൽ നടത്താറുണ്ട്.

കണ്ണൂർ ജില്ലയിൽ മാവേലിസ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകൾ

143 [456] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മാവേലി സ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോർ തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും അവ എപ്പോൾ തുടങ്ങുമെന്നും വ്യക്തമാക്കാമോ;

(സി) തളിപ്പറമ്പ് അസംബ്ലി നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോർ നിലവിലില്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടുവം, ഉദയഗിരി എന്നീ പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടി പുരോഗമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ നിലവിൽ മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ കോർപ്പറേഷൻ നിബന്ധനകൾക്ക് വിധേയമായി അനുയോജ്യമായ കെട്ടിടം നൽകുന്ന മുറയ്ക്ക് പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടി എടുക്കുന്നതാണ്.

(സി) പടുവം, പരിയാരം എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ഇപ്പോൾ നിലവിലില്ല.

ശീതള പാനീയങ്ങളിൽ അടങ്ങിയിട്ടുള്ള പദാർത്ഥങ്ങളുടെ വിവരം

144 [457] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തിവരുന്ന ശീതള പാനീയങ്ങളിൽ അടങ്ങിയിട്ടുള്ള പദാർത്ഥങ്ങളുടെ പേരുകളും അളവുകളും കുപ്പിക്ക് പുറത്ത് രേഖപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടം '32' പ്രകാരം കുപ്പിയുടെയോ, പാക്കറ്റിന്റെയോ പുറത്ത് ഉൽപ്പന്നത്തിന്റെ പേര് അല്ലെങ്കിൽ വ്യാപാരനാമം, ഉൽപ്പന്നത്തിൽ ഉപയോഗിച്ചിട്ടുള്ള ചേരുവകൾ, കൃത്രിമ നിറങ്ങളോ ഫ്ളേവറുകളോ ചേർത്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരം, ഉൽപ്പാദന തീയതി/ഏത് തീയതിവരെ ഉപയോഗിക്കാം എന്നുള്ള വിവരം, ബാച്ച് നമ്പർ/കോഡ് നമ്പർ, ചേർത്തിട്ടുള്ള പഞ്ചസാരയുടെ അളവ്, കൃത്രിമ മധുര പദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഉൽപ്പാദകരോ, വിൽപ്പനക്കാരനോ ചട്ടം ലംഘിക്കുന്നതിനായി തെളിയുന്നപക്ഷം അതായത് പ്രസ്തുത ഫുഡ് ഇൻസ്പെക്ടർമാർക്ക് കുറ്റക്കാർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യാവുന്നതാണ്.

(സി) ബാധകമല്ല.

[ചോദ്യോത്തരസമയം കഴിഞ്ഞു.]

LIBRARY ARCHIVES Kerala Legislative Assembly